ടെലഫോൺ: 0471 2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം – 10

നമ്പർ. 7819/എ2/II–എസ്റ്റാ/2023/എൻ.സി.സി

13 ഒക്ടോബർ 2025

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി..സി

എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾ
(തിരുവനന്തപുരം/കൊല്ലം/കോട്ടയം/എറണാകുളം/
കോഴിക്കോട് ) എല്ലാ എൻ.സി.സി യൂണിറ്റുകളും

(വെബ്സൈറ്റ് മുഖേന)

**എൻ.സി.സി വകുപ്പ് – ലാസ്റ്റ്ഗ്രേഡ് ജീവനക്കാരിൽ നിന്നും ബൈട്രാൻസ്ഫർ മുഖേന അറ്റൻഡർ ഗ്രേഡ്–II – നിയമനം – അപേക്ഷ ക്ഷണിക്കുന്നതുമായി ബന്ധപ്പെട്ട്**

1. എൻ.സി.സി വകുപ്പിൽ അറ്റൻഡർ ഗ്രേഡ് – II തസ്തികയിൽ 2025 ഒക്ടോബർ മാസം തിരുവനന്തപുരം ജില്ലയിൽ നിലവിൽ വരുന്ന ഒരു ഒഴിവിലേക്ക് ഈ വകുപ്പിലെ യോഗ്യരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ഉചിത മാർഗ്ഗേന **10 നവംബർ 2025** – ന് മുമ്പ് ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. സമ്മതപത്രം, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

2. യോഗ്യതകൾ

(എ) ഏഴാംക്ലാസ്സും കേരള പബ്ളിക് സർവീസ് കമ്മിഷൻ നടത്തുന്ന അറ്റൻഡർ പരീക്ഷയും പാസ്സായിരിക്കണം.

അല്ലെങ്കിൽ

(ബി) അഞ്ചു വർഷം തുടർച്ചയായുള്ള സർക്കാർ സേവനവും കേരള പബ്ളിക് സർവീസ് കമ്മിഷൻ നടത്തുന്ന അറ്റൻഡർ പരീക്ഷയും പാസ്സായിരിക്കണം.

അല്ലെങ്കിൽ

(സി) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യയോഗ്യതയും മൂന്ന് വർഷം തുടർച്ചയായ സർക്കാർ സേവനവും.

3. എല്ലാ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകളും ബന്ധപ്പെട്ട എൻ.സി.സി യൂണിറ്റുകളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകൾ, അപേക്ഷ ലഭിക്കേണ്ട അവസാന തീയതിക്കോ അതിനു മുമ്പോ ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

4. എല്ലാ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകളും എൻ.സി.സി യൂണിറ്റുകളും ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഈ കത്ത് ഡൗൺലോഡ് ചെയ്ത് യോഗ്യരായ എല്ലാ ലാസ്റ്റ് ഗ്രേഡ്

ജീവനക്കാർക്കും ലഭ്യമാക്കുവാനും പ്രസ്തുത വിവരം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുവാനും ഇതിനാൽ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

(വിനീഷ് കെ എസ് )
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി